"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള മിനിമാസ്റ്റ്, ഹൈമാസ്റ്റ്, എൽ.ഇ.ഡി തെരുവ് വിളക്കുകളുടെ പരിപാലനം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിന് നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.199/2024/LSGD തീയതി,തിരുവനന്തപുരം, 24-01-2024

---

പരാമർശം:- 1. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ചെയർമാൻ 20/10/2023 തീയതിയിൽ സർക്കാരിൽ സമർപ്പിച്ച അപേക്ഷ.

2. 04/01/2024 -ൽ നടന്ന യോഗത്തിന്റെ നടപടികുറിപ്പിലെ ഖണ്ഡിക 4.7 തീരുമാനം.

**ഉത്തരവ്**

സംസ്ഥാനത്തെ വിവിധ തദ്ദേശ സ്വയംഭരണവകുപ്പ് സ്ഥാപനങ്ങൾ സ്ഥാപിച്ചിട്ടുള്ള മിനിമാസ്റ്റ്, ഹൈമാസ്റ്റ്, എൽ.ഇ.ഡി ഉൾപ്പെടെയുള്ള വിളക്കുകളുടെ പരിപാലനം ചെയ്യുവാനുള്ള അനുവാദം നൽകണമെന്ന് പരാമർശം(1) പ്രകാരം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ചെയർമാൻ അപേക്ഷ സർക്കാരിൽ സമർപ്പിച്ചിരുന്നു.

സർക്കാർ ഈ വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയും കമ്മിറ്റിയുടെ പരാമർശം(2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ഒരു പൊതുമേഖല സ്ഥാപനമാണെന്ന വസ്തുത പരിഗണിച്ച്, തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള മിനിമാസ്റ്റ്, ഹൈമാസ്റ്റ്, എൽ.ഇ.ഡി തെരുവ് വിളക്കുകളുടെ പരിപാലനം പ്രസ്തുത സ്ഥാപനത്തിന് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
കൺവീനർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, പട്ടം
ചെയർമാൻ, യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്
അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ വിംഗ്, ഐ&പി.ആർ.ഡി
കരുതൽ ഫയൽ(DB3/519/2023-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Reenamma P A
Date: 24-01-2024 15:32:50

സെക്ഷൻ ഓഫീസർ